©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2026 ജനുവരി 03
03rd January 2026
1201 ധനു 19
19th Dhanu 1201
1947 പൌഷം 13
13th Pousha 1947

നമ്പർ
No. 28

FORM No. 7

[See Rule 18 (1)]

FORM OF PRELIMINARY NOTIFICATION UNDER SUB SECTION (1) OF SECTION 11

No- DCKTM/1569/2023-G1 20th December ,2025

WHEREAS, the Government of Kerala have as per notifications No. GO(Rt) No.1022/2022/PWD dt 21-10-2022,GO(Rt)No.1192/2023/RD dt 16-03-2023, G.O. (P) No 649/2015/RD dated 04-12-15, G.O. (P) No. 18/2018/RD dated 19-04-18 ordered for land acquisition and as per proceedings No. DCKTM/1569/G1 dated 10-10-2023 of District Collector, Kottayam appointed the Special Tahsildar, LA. (General), Pala to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

AND WHEREAS, the Government here by appoint Deputy Collector L.A., Kottayam as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the construction of service road from Kaduthuruty bypass to Valiyapalli.

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar, LA. (General), Pala within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website www.kottayam.nic.in.

SCHEDULE

District–Kottayam *Taluk* – Vaikom

Village– Kaduthuruthy

(The extent given is approximate)

Sl. No.	Village	Block No.	Survey No.	Description	Extent H. Are Sq. Meter	Nauture of Public purpose	Reasons for displacement of affected families	Names of owners/interested persons
1	Kaduthuruthy	29	625/4	Dry Land	0.0131	Service Road from Kaduthuruty Bypass to Valiyapalli	Land Acquisition	Jaimon cyric S/o cyric, Panakkuzhimyalil Kaduthuruthy
2	Kaduthuruthy	29	625/3	Dry Land	0.0189			Alexander S/o Chandy & Others, Manimala (H), Kaduthuruthy
	Total Area				0.0320			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SUMMARY OF SIA REPORT

Service Road from Kaduthuruthy Bypass to Valiyapally is proposed to be constructed in Kaduthuruthy village, Vaikom Taluk, Kottayam district. The project will help to reduce the traffic congestion of Kaduthuruthy junction, provide effortless access to the prominent worship place called Valiyapally, and also the project imparts a positive step towards development of the area.

Government of Kerala has accorded administrative sanction vide G.O (Rt) 1192/2023/RD dated 16-03-2023 of Revenue (B) Department to acquire 0.0320 hectares of land in Block No.29, Re survey No. 625/3, 625/4 of Kaduthuruthy village for the project. In compliance with Section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act (RFCTLARR) 2013, Social Impact Assessment (SIA) of the project was undertaken by Rajagiri Outreach Society, Rajagiri P.O., Kalamassery.

Land proposed to be acquired for the project is affected by two landowners. The project will affect 10 rubber trees and part of a tarred road. The acquisition will not affect the livelihood of the landowners.

Fair compensation as per LARR Act 2013 and Rules 2015 will help to mitigate the impact which is of minimal nature by virtue of this land acquisition.

(Sd.)

DISTRICT COLLECTOR

Kottayam

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറം നമ്പർ 7

(ചട്ടം 18(1) കാണുക)

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ: DCKTM/1569/2023-G1 2025 ഡിസംബർ 20.

കേരള ഗവൺമെന്റിന്റെ 21-10-2022 തീയതിയിലെ GO(Rt) No.1022/2022/PWD , 16-03-2023 തീയതിയിലെ GO(Rt)No.1192/2023/RD, 04-12-2015 തീയതിയിലെ G.O. (P) No. 649/2015/RD, 19-04-2018 തീയതിയിലെ G.O. (P) No. 18/2018/RD നമ്പർ വിജ്ഞാപനങ്ങൾ ഉള്ളതിനാലും, ജില്ലാ കളക്ടർ, കോട്ടയത്തിന്റെ 10-10-2023 തീയതിയിലെ DCKTM/1569/G1 നമ്പർ നടപടിക്രമം പ്രകാരം പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാരെ ഭൂമി ഏറ്റെടുക്കൽ കേസിൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമം 2013 ലെ ആക്ടിന് വിധേയമായി ഒരു കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കാൻ നിയമിച്ചിരിക്കുന്നതിനാലും.

ആയതിന് ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ വിഭാഗം ഡെപ്യൂട്ടി കളക്ടർ, കോട്ടയത്തിനെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചിരിക്കുന്നതും.

അതിനാൽ ഇപ്പോൾ താഴെ പട്ടികയിൽ വിവരം കാണിച്ച ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കടുത്തുരുത്തി ബൈപാസ് റോഡിൽ നിന്നും വലിയപള്ളിയിലേയ്ക്ക് സർവ്വീസ് റോഡ് നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ആ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും.

ഇപ്പോൾ, അതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും ഭൂമി ഏറ്റെടുക്കുമ്പോൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള 2013 ലെ ആക്ട് 11–ാം വകുപ്പ് 1–ാം ഉപവകുപ്പ് ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

അതിനാൽ ഏറ്റെടുക്കലിന് നിർദ്ദേശിക്കപ്പെട്ട ഭൂമിയിൽ അവകാശ താൽപ്പര്യം ഉള്ള എല്ലാ വ്യക്തികളും ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചു 15 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഈ വിഷയത്തിൽ ഒരു പബ്ലിക് നോട്ടീസ് കിട്ടിയതിനുശേഷമോ ഇതിൽ ഏതാണ് അവസാനം ലഭിച്ചത് ആ തീയതിക്കുള്ളിൽ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ റിക്കാർഡുകളുടെ നിജസ്ഥിതി വരുത്തുന്നതിനെ സംബന്ധിച്ചോ അല്ലെങ്കിൽ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചോ വല്ല എതിർപ്പുമുണ്ടെങ്കിൽ ആയത് രേഖാമൂലം പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതി കഴിഞ്ഞു കിട്ടുന്ന എതിർപ്പ് പരാതികളും സ്റ്റേറ്റ്മെന്റുകളും അല്ലെങ്കിൽ എതിർപ്പു പരാതിക്കാർക്ക് ഈ ഭൂമിയിൽ ഏത് രീതിയിലുള്ള അവകാശമാണ് ഉള്ളത് എന്ന് വ്യക്തമായി കാണിക്കാത്ത എതിർപ്പുകളും ഒന്നായി നിരസിക്കുന്നതാണ്.

സാമൂഹ്യ ആഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ ചുരുക്കം www.kottayam.nic.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ജില്ല–കോട്ടയം *താലൂക്ക്* – വൈക്കം

(ഏകദേശ വിസ്തീർണ്ണം നൽകിയിരിക്കുന്നു.)

ക്രമ നമ്പർ	വില്ലേജ്	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	ഇനം/തരം	വിസ്തീർണ്ണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിത കുടുംബങ്ങളെ സ്ഥലം മാറ്റുന്നതിനുള്ള കാരണം	ഉടമസ്ഥരുടെ അല്ലെങ്കിൽ തൽപ്പര കക്ഷികളുടെ പേര്
1	കടുത്തുരുത്തി	29	625/4	പുരയിടം	0.0131	കടുത്തുരത്തി ബൈപാസിൽ നിന്നും വലിയ പള്ളിയിലേക്കുള്ള സർവ്വീസ് റോഡ് നിർമ്മാണം	സ്ഥലം ഏറ്റെടുക്കൽ	ജയ് മോൻ സിറിയക് S/o സിറിയക്, പാണക്കുഴിമ്യാലിൽ, കടുത്തുരുത്തി
2	കടുത്തുരുത്തി	29	625/3	പുരയിടം	0.0189			അലക്സാണ്ടർ S/o ചാണ്ടി മുതൽ പേർ, മണിമല, കടുത്തുരുത്തി
	ആകെ വിസ്തീർണ്ണം				0.0320			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഗ്രഹം

കോട്ടയം ജില്ലയിലെ, വൈക്കം താലൂക്കിലെ കടുത്തുരുത്തി വില്ലേജിലാണ് കടുത്തുരുത്തി ബൈപ്പാസ് റോഡിൽ നിന്നും വലിയ പള്ളിയിലേയ്ക്ക് സർവ്വീസ് റോഡ് നിർമ്മാണം നടത്തുന്നത്. ദിനം പ്രതി വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കിനും, നാടിന്റെ വികസനത്തിനും ടി റോഡ് നിർമ്മാണം ശാശ്വത പരിഹാരമാകുന്നതാണ്. കൂടാതെ കടുത്തുരുത്തിയിലെ പ്രധാന ആരാധനാലയമായ കടുത്തുരുത്തി വലിയ പള്ളിയിലേയ്ക്കുള്ള ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും നിർദ്ദിഷ്ട പദ്ധതികൊണ്ട് സാധിക്കുന്നതാണ്.

കേരള സർക്കാരിന്റെ റവന്യു (ബി) വകുപ്പിന്റെ 16/03/2023 തീയതിയിലെ G.O.(Rt) No.1192/2023/RD ഉത്തരവ് പ്രകാരം കടുത്തുരുത്തി ബൈപ്പാസ് റോഡിൽ നിന്നും വലിയ പള്ളിയിലേയ്ക്ക് സർവ്വീസ് റോഡ് നിർമ്മാണം നടത്തുന്നതിനായി കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിലെ കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നം. 29, റീസർവ്വെ നം. 625/3, 625/4 ൽ പ്പെട്ട 0.0320 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ നാലാം ഭാഗം പ്രകാരം സാമൂഹിക ആഘാത പഠനം നടത്തുവാനുള്ള ഉത്തരവാദിത്തം രാജഗിരി ഔട്ട് റീച്ച് സൊസൈറ്റി, രാജഗിരി പി.ഒ., കളമശ്ശേരിയെ ഏൽപ്പിക്കുകയുണ്ടായി.

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി രണ്ട് ഭൂവുടമകളുടെ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഒരു ഭൂവുടമയുടെ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 10 ഓളം റബ്ബർ മരങ്ങളും, ടാർ ഇട്ട വഴിയുടെ കുറച്ച് ഭാഗത്തേയും ബാധിക്കുന്നതും, പദ്ധതി ബാധിതരായ ഭൂവുടമയുടെ ഉപജീവനമാർഗത്തെ ബാധിക്കുന്നില്ലാത്തതുമാണ്.

RFCTLARR Act 2013, റൂൾ 2015 പ്രകാരം ഭൂവുടമയ്ക്ക് ന്യായമായ നഷ്ട പരിഹാരം നൽകുന്നതുവഴി ഭൂമി ഏറ്റെടുക്കലിന്റെ താരതമ്യേന ലഘുവായ ആഘാതങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ
കോട്ടയം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.03 02:47:58 +05:30